# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4850 — 19-05-2017 - ൽ മറുപടിക്ക്

### ഇ.എസ്.ഐ. ആനുകൂല്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കെട്ടിട നിർമ്മാണ തൊഴിലാളികളുൾപ്പെടെ വിവിധ വിഭാഗങ്ങളെക്കൂടി ഇ.എസ്.ഐ. ആനുകൂല്യങ്ങളുടെ പരിധിയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | കെട്ടിടനിർമ്മാണ തൊഴിലാളികൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയിലെ തൊഴിലാളികളെ ഇ.എസ്.ഐ കോർപ്പറേഷന്റെ 31.07.2015-ലെ P-12/11/11/60/2010-Rev.II നോട്ടീസ് പ്രകാരം ഇ.എസ്.ഐ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത് കൂടാതെ സംസ്ഥാന സർക്കാരിന്റെ പരിധിയിലുള്ള ജലവിഭവം, പൊതുമരാമത്ത്, ലീഗൽ മെട്രോളജി, സോയിൽ കൺസർവേഷൻ, തദ്ദേശ സ്വയംഭരണം, ഗ്രൗണ്ട് വാട്ടർ തുടങ്ങി വിവിധ വകുപ്പുകളിലെ കാഷ്വൽ/ കോൺട്രാക്ട് ജീവനക്കാരെയും വിവിധ വകുപ്പുകളിലെ കാഷ്വൽ സ്വീപ്പർമാരെയും വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിൽ ജോലിചെയ്യുന്ന താഴ്ന്ന വിഭാഗം ജീവനക്കാരെയും ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; | (ബി) | മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ ആശുപത്രികൾ ഇല്ല. കോട്ടയ്ക്കൽ, കുറ്റിപ്പുറം, മലപ്പുറം, നിലമ്പൂർ, വാഴക്കാട്, മഞ്ചേരി, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ ഇ.എസ്.ഐ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | മലപ്പുറം മണ്ഡലത്തിൽ പുതിയ ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (സി) | മലപ്പുറം ജില്ലയിൽ കൊണ്ടോട്ടിയിൽ ഒരു പുതിയ ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ മാത്രമേ സർക്കാരിന്റെ പരിഗണനയിലുള്ളൂ. |

സെക്ഷൻ ഓഫീസർ